# അക്കാദമിക

# മാസ്റ്റർ

# പ്ലാൻ

# 2025- 2026

# KEALPS

# Eswaramangalam

## ആമുഖം

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. എല്ലാ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന കെ.ഇ.എ.എൽ.പി സ്കൂൾ ഇനശ്രമംഗലം, സജീവമായ പി.ടി.എ, എം.ടി.എ, അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതു സമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ മുന്നേറും എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡന്റ്

HM

എം.ടി.എ. പ്രസിഡന്റ്

# K E A L P School Eswaramangalam

മലപ്പുറം ജില്ലയിലെ തിരൂർ വിദ്യാഭ്യാസ ജില്ലയിലെ പൊന്നാനി ഉപജില്ലയിൽ ചെറുവായ്ക്കര എന്ന ഗ്രാമത്തിലാണ്. കെ. ഇ. എ. എൽ. പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്. 1892 ൽ വിദ്യാലയമായി ആരംഭിച്ച ഈ സ്ഥാപനം സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പുരോഗതിക്ക് അടിത്തറയിട്ട് ഒരു സരസ്വതി വിദ്യാലയമായി മാറിയിരിക്കുന്നു. ഇപ്പോൾ സ്കൂൾ മാനേജരായ സുരേഷ് കാരാട്ട് മാഷ് സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ജാഗ്രതയുള്ളതും അതിന്റെ വളർച്ചക്കായി പരിശ്രമിക്കുന്നതുമായ ഒരു നല്ല വ്യക്തിയാണ്. ആധുനിക രീതിയിൽ പുനരുദ്ധാരണം നടത്തിയ സ്കൂൾ, സമീപ പ്രദേശങ്ങളിലെ മറ്റു വിദ്യാലയങ്ങളെപ്പോലും പിന്നിലാക്കുന്ന തരത്തിലുള്ള ഉന്നതമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. ഹൈടെക് ക്ലാസ് മുറികളും, ശിശു സൗഹൃദ പഠനമുറികളും, കളിസ്ഥലവും കുട്ടികൾക്കായുള്ള ഉല്ലാസ പാർക്കും സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. സ്കൂളിന്റെ എല്ലാ ആവശ്യങ്ങൾക്കും നിലവിലെ മാനേജ്മെന്റ് സജീവമായി പിന്തുണ നൽകുന്നുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : കെ.ഇ.എ.എൽ.പി.സ്കൂൾ
ഈശ്വരമംഗലം

മേൽവിലാസം :- ചറുവയ്ക്കര, പൊന്നാനി
ഈശ്വരമംഗലം

സ്കൂൾ കോഡ് : 19511

വിദ്യാഭ്യാസ ജില്ല : തിരൂര് ~~[illegible]~~

വിദ്യാഭ്യാസ ഉപജില്ല :- പൊന്നാനി

ബി.ആർ.സി :- പൊന്നാനി

മുനിസിപ്പാലിറ്റി :- പൊന്നാനി

നിയമസഭാമണ്ഡലം :- പൊന്നാനി

ലോകസഭാമണ്ഡലം :- പൊന്നാനി

താലൂക്ക് :- പൊന്നാനി

വില്ലേജ് :- ഈഴുവത്തിരുത്തി

ഇ.മെയിൽ വിലാസം :- kealpsem@gmail.com ~~[illegible]~~

facebook :- kealps eswaramangalam

സ്കൂൾ വിക്കി :- Subitha1986

HM :- സുനിത

Mob No :- 9388184876

സ്കൂൾ മാനേജർ :- സുരേഷ് കാരാട്ട്

## പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
* വിദ്യാർത്ഥികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളും.
* ഡിജിറ്റൽ തിയേറ്റർ വഴി കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
* മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം, പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ്, മലിന ജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
* ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

അക്കാദമിക ഭൗതിക നേട്ടങ്ങൾ

* ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിടസമുച്ചയം
* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
* ലൈബ്രറി, കമ്പ്യൂട്ടർ, ഡിജിറ്റൽ തിയേറ്റർ
* കലാ പഠനം, പ്രവൃത്തിപരിചയം, കായികപഠനം
* പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
* സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദി, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

## ലക്ഷ്യങ്ങൾ

### മലയാളം

* എല്ലാ കുട്ടികളെയും അനായാസമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള അറിവിന്റെ ശേഷി നേടി എന്നുറപ്പുവരുത്തുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
* മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസര പഠനം

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുന്നതിന് അവസരം ഒരുക്കുക
* ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് വർധിപ്പിക്കുക.
* ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

## ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* വിവര സാങ്കേതിക വിദ്യയെ പലപ്രകാരമായി പ്രയോജനപ്പെടുത്തുക
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

## ആനന്ദിക്

* എല്ലാ കുട്ടികളെയും അക്ഷരങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
* കരിക്കുലം ലക്ഷ്യം വെക്കുന്ന ആനന്ദി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
* ഭാഷാ പഠനത്തിന് ഐ.ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## പ്രവർത്തന പദ്ധതികൾ

### മലയാളം

* പിറന്നാൾ പുസ്തകം

ലക്ഷ്യം :- മികച്ച വായനാശീലം വളർത്തൽ

പ്രവർത്തനം :- എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.

കാലം :- ജൂൺ to മാർച്ച്

* വായന കോലായി

ലക്ഷ്യം :- മികച്ച വായനാശീലം വളർത്തൽ

പ്രവർത്തനം :- ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോലായി ഒരുക്കുന്നു.

കാലം :- ജൂൺ മുതൽ മാർച്ച് വരെ

* സ്കൂൾ മാഗസിൻ

ലക്ഷ്യം :- അറിവുകൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

പ്രവർത്തനം :- ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സ്കൂൾ തല മാഗസിൻ ഒരുക്കൽ

* ക്ലാസ് തല പതിപ്പുകൾ

ലക്ഷ്യം :- അറിവുകൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

പ്രവർത്തനം :- വിദ്യാലയ വിശേഷങ്ങളും, ദിനാചരണവും അടങ്ങുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ എല്ലാ മാസവും

* സ്കൂൾ ലൈബ്രറി

ലക്ഷ്യം :- മികച്ച വായനാശീലം വളർത്തുക

പ്രവർത്തനം :- സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ

* രചനോത്സവം

ലക്ഷ്യം :- ആശയങ്ങൾ വിവിധ രൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

പ്രവർത്തനം :- കുട്ടികൾ തയ്യാറാക്കുന്ന രചനകൾ

കാലം :- ജൂൺ മുതൽ മാർച്ച് വരെ

* പാട്ടരങ്ങ്

ലക്ഷ്യം :- ഭാവപ്രകടനം, ശബ്ദ പ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക.

പ്രവർത്തനം :- കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കൽ, രാഗ, താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കൽ.

കാലം :- ജൂൺ മുതൽ മാർച്ച് വരെ

* റീഡേഴ്സ് തിയേറ്റർ

ലക്ഷ്യം :- വായനാ താല്പര്യവും അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് പ്രധാന ലക്ഷ്യം.

പ്രവർത്തനം :- കുട്ടികൾക്ക് അഭിനയത്തോടെ വായിക്കാൻ പരിശീലനം നൽകുന്നു. സംഭാഷണങ്ങൾ, ശബ്ദ വ്യത്യാസം, ഭാവനകൾ എന്നിവ ഉപയോഗിച്ച് അഭിനയ വായനയുടെ അവതരണം

കാലം :- എല്ലാ മാസവും

## ഇംഗ്ലീഷ്

* ഇംഗ്ലീഷ് അസംബ്ലി

ലക്ഷ്യം :- ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ

പ്രവർത്തനം :- ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.

കാലം :- ആഴ്ചയിൽ രണ്ടു ദിവസം

* Reading Card

ലക്ഷ്യം :- ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനം :- അധ്യാപകരും കുട്ടികളും ചേർന്ന് ഇംഗ്ലീഷ് Reading Card നിർമ്മിക്കൽ

കാലം :- ജൂൺ, ജൂലൈ മാസങ്ങൾ

അറബിക്

* അറബി ഭാഷ

ലക്ഷ്യം :- അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക.

പ്രവർത്തനം :- 1 to 4 ക്ലാസുകളിൽ അറബി ഭാഷയുടെ വളർച്ച ഉറപ്പ് വരുത്തുക. മുന്നറിവ് പരിശോധിക്കുക, ഭാഷ കളികൾ, വാചകങ്ങൾ നിർമ്മിക്കൽ

* അറബി വായനോത്സവം

ലക്ഷ്യം :- അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

പ്രവർത്തനം :- വായന മത്സരം, ക്ലാസ് ലൈബ്രറി, വായനാ കുറിപ്പുകൾ

* അറബി രചനോത്സവം

ലക്ഷ്യം :- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർധിപ്പിക്കുന്നതിനുള്ള ക്ലാസുകൾ

പ്രവർത്തനം :- ഭാഷാ കളികൾ, ചുമർപത്രങ്ങൾ, പോസ്റ്ററുകൾ,

# ഗണിതം

* ഗണിത മൂലകൾ

ലക്ഷ്യം :- അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്

പ്രവർത്തനം :- മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (കളിനോട്ട്, കാർഡ് പഠിക്കുരു, ഇന്റർകിത തുടങ്ങിയവ)

* ഗണിത ലാബ്

ലക്ഷ്യം :- അടിസ്ഥാന ഗണിത ശേഷികൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്

പ്രവർത്തനം :- കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ

* ഗണിത കേളി

ലക്ഷ്യം :- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ

പ്രവർത്തനം :- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ ശില്പശാലകൾ

# പരിസരപഠനം

* പരീക്ഷണോത്സവം

ലക്ഷ്യം :- ശാസ്ത്ര വിഷയങ്ങളിലെ കുട്ടികളുടെ താൽപര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക.

പ്രവർത്തനം :- ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അവതരണമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം വെക്കുന്നത്.

* പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ

ലക്ഷ്യം :- ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രീയ മനോഭാവം ശാസ്ത്രാവബോധം, എന്നിവ വികസിപ്പിക്കുക.

പ്രവർത്തനം :- പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ

കാലം :- എല്ലാ മാസവും.